KARUNA
SPEECH & HEARING
HIGHER SECONDARY SCHOOL

# കരുണ

## സ്പീച്ച് & ഹിയറിംഗ് ഹയർ സെക്കണ്ടറി സ്കൂൾ

## എരഞ്ഞിപ്പാലം കോഴിക്കോട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ



# 2025-2026







# ഉള്ളടക്കം


- കരുണ പിന്നിട്ട നാൾവഴികളിലൂടെ
- വിദ്യാലയം മികവിന്റെ കേന്ദ്രം
- പദ്ധതി രൂപീകരണ പ്രക്രിയ
- ചുമതലാ വിഭജനം
- കാഴ്ചപ്പാട്
- പഠനാന്തരീക്ഷം
- അവസ്ഥ വിശകലനം
- ഭൗതിക സാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ
- അക്കാദമിക മികവുകൾ
- രൂപീകരണ പ്രക്രിയ
- വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും
- എൽ പി വിഭാഗം മലയാളം
- എൽ പി വിഭാഗം ഇംഗ്ലീഷ്
- എൽ പി വിഭാഗം ഗണിതം
- എൽ പി വിഭാഗം പരിസരപഠനം
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
- യു പി വിഭാഗം മലയാളം
- യു പി വിഭാഗം ഇംഗ്ലീഷ്
- യു പി വിഭാഗം കണക്ക്
- യു പി വിഭാഗം സയൻസ്
- യൂ പി വിഭാഗം സോഷ്യൽ സയൻസ്

- തൊഴിൽ  ഉദ്ഗ്രഥിത വിദ്യാഭ്യാസം
- എച്ച് എസ് വിഭാഗം മലയാളം
- എച്ച് എസ് വിഭാഗം ഇംഗ്ലീഷ്
- എച്ച് എസ് വിഭാഗം കണക്ക്
- എച്ച് എസ് വിഭാഗം സയൻസ്
- എച്ച് എസ് വിഭാഗം സോഷ്യൽ സയൻസ്
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
- ആരോഗ്യ കായിക വിദ്യാഭ്യാസം
- അക്കാദമിക കലണ്ടർ

# ആമുഖം

വിദ്യാഭ്യാസത്തിന്റെ പുത്തൻ പാതകളിലേക്ക് വെളിച്ചം വീശിക്കൊണ്ട്, നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ബൃഹത്തായ ലക്ഷ്യത്തോടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചിട്ടുള്ളത്. ഓരോ കുട്ടിയുടെയും പഠന നിലവാരം ഉയർത്തുകയും അവരുടെ സർവ്വതോന്മുഖമായ വളർച്ച ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ഈ യജ്ഞത്തിന്റെ അടിസ്ഥാന ശില. ഓരോ വിദ്യാർത്ഥിയുടെയും അറിവും കഴിവും അവരുടെ നിലവാരത്തിനനുസരിച്ച് ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കേണ്ടത് അധ്യാപകരുടെ മഹത്തായ ഉത്തരവാദിത്തമാണ്.

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിക്കുന്നതിനും, സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്താനും വിനിയോഗിക്കാനും, വിവിധ പഠന സാമഗ്രികൾ ഒരുക്കിക്കൊണ്ടും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദവും സുരക്ഷിതവും സ്വതന്ത്രവും ശിശുസൗഹൃദപരവുമായ ഒരന്തരീക്ഷം ഒരുക്കേണ്ടതുണ്ട്.

ഇതിനോടൊപ്പം, കൃത്യവും ആധുനികവുമായ പഠന-ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രാധാന്യം നൽകണം. കഴിഞ്ഞ രണ്ട് വർഷത്തോളം ലോകത്തെ മുഴുവൻ മുൾമുനയിൽ നിർത്തിയ കോവിഡ്-19 മഹാമാരി നമ്മുടെ കുട്ടികളുടെ മാനസികവും ശാരീരികവുമായ അവസ്ഥകളിൽ കാര്യമായ വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ട്. ഈ യാഥാർത്ഥ്യം നാം തിരിച്ചറിയുകയും, മുന്നോട്ടുള്ള പ്രവർത്തനങ്ങളിലും വരും വർഷങ്ങളിലേക്കുള്ള ആസൂത്രണങ്ങളിലും ഇത് ഗൗരവമായി പരിഗ

ണിക്കുകയും വേണം. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ മുഖ്യ ലക്ഷ്യം കുട്ടിയുടെ സമഗ്ര വികാസം ഉറപ്പാക്കുക എന്നതാണ്. സമഗ്ര വികാസം എന്നാൽ വൈജ്ഞാനിക മേഖലയിൽ മാത്രമുള്ള വളർച്ചയല്ല, മറിച്ച് വൈകാരികവും സാമൂഹികവുമായ മേഖലകളിലും കുട്ടിയുടെ പൂർണ്ണമായ വളർച്ച സാധ്യമാക്കുക എന്നതാണ്. ഇത്തരം പ്രതീക്ഷിക്കുന്ന പഠന നേട്ടങ്ങൾ കൈവരിക്കുന്നതിനായി, വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച്, അറിവ് നിർമ്മിക്കുന്ന ക്ലാസ് മുറികൾ വിഭാവനം ചെയ്യേണ്ടത് അത്യാവശ്യമാണ്.

വിഷയങ്ങളെ അടിസ്ഥാനമാക്കി വ്യക്തമായ കാഴ്ചപ്പാടുകളും ലക്ഷ്യങ്ങളും മുൻനിർത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ. ഇത് ഓരോ കുട്ടിക്കും അവരുടെ പഠന യാത്രയിൽ പുതിയ ദിശാബോധം നൽകുകയും മികച്ച ഭാവിക്കായി അവരെ സജ്ജരാക്കുകയും ചെയ്യും.

# കരുണ പിന്നിട്ട നാൾവഴികളിലൂടെ

1979 - 80 കാലഘട്ടങ്ങളിൽ കോഴിക്കോട്ടെ മലയാള മനോരമയുടെ റ സിഡന്റ് എഡിറ്ററും റോട്ടറി ക്ലബ് ഓഫ് കാലിക്കറ്റിന്റെ പ്രസിഡന്റായിരു ന്ന യിരുന്ന ശ്രീമാമൻ മാത്യുവിന്റെയും കൂട്ടുകാരുടെയും ആശയമായിരു ന്നു ശ്രവണ പരിമിതർക്ക് വേണ്ടിയുള്ള ഒരു വിദ്യാലയം.

ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അന്വേഷ ണത്തിലാണ് അവർ കാരുണ്യമാതാവിന്റെ പുത്രിമാര്' എന്ന സന്യാസ സ മൂഹത്തെക്കുറിച്ച് മനസ്സിലാക്കുന്നത് തുടർന്ന് കോഴിക്കോട് എരഞ്ഞിപ്പാ ലം മിനി ബൈപ്പാസിലെ പോൾ നഗറിൽ കോഴിക്കോട് ലത്തീൻ കത്തോ ലിക്കാ രൂപതയുടേയും റോട്ടറി ക്ലബിന്റേയും പിൻബലത്തോടെ കരുണ സ്കൂൾ രൂപം കൊണ്ടു.

അന്ന് കേരള ഗവർണർ ആയിരുന്ന ശ്രീമതി. ജ്യോതി വെങ്കിടാചലം കരുണാസ്കൂളിന്റെ ഔപചാരികമായ ഉദ്ഘാടനം 1980 മെയ് 14 ന് നിർവ്വ ഹിച്ചു. -- അഭിവന്ദ്യ പത്രോണി പിതാവിന്റെയും റോട്ടറി ക്ലബ് ഓണറ്റി മെ മ്പറും എസ്. ജെ. - സന്യാസ സഭാംഗവുമായ വെർ ഗോത്തിനിയച്ചന്റെയും അനുഗഹാശിസ്സുകളോടൊ - സി. മേരിജെയിംസ്, സിസ്റ്റർ ജെ.സി. റൊസ ല്ലോ എന്നിവരാൽ തുടക്കം കുറിച്ച് ഈ - സ്ഥാപനം ബധിരരായ അനേ കം മക്കൾക്ക് കാരുണ്യത്തിന്റെയും ആർദ്രതയുടേയും - നീർച്ചാലായി.

സ്കൂളിലേക്ക് പ്രവേശനം ലഭിക്കുന്നതിനായി അന്ന് കോഴിക്കോട് മെ ഡിക്കൽ കോളേജിലെ ഇ.എൻ.ടി. വിഭാഗം തലവനായിരുന്ന ഡോ.സി.എ. കുര്യൻന്റെ നേതൃത്വത്തിൽ ശ്രവണ പരി മിതി നിർണ്ണയക്യാമ്പ് നടത്തി, 40

കുട്ടികളെ തിരഞ്ഞെടുത്തു. ആ വർഷം ആഗസ്റ്റ് 16-ാം തിയതി മിസ്സിസ് പ്രേമ മാമൻ മാത്യു ക്ലാസ്സുകൾ ഉദ്ഘാടനം ചെയ്തു അധര ചലനങ്ങളിൽ നിന്നും ശബ്ദകമ്പനങ്ങളിൽ നിന്നും പാഠങ്ങളും സ്വരങ്ങളും ഉൾക്കൊള്ളുന്ന തരത്തിൽ സ്വിറ്റ്സർലാന്റിൽ " വിജയകരമായി അനുവർത്തിച്ചു വരുന്ന 'കുബേരിത്' എന്ന രീതിയാണ് ഇവിടേയും പിൻതുടർന്നു വന്നത്.

കോഴിക്കോട് രൂപതയുടെ മഹാമനസ്കതയിൽ ലഭിച്ച ഭൂമിയിൽ കരുണയ്ക്കാ യി റോട്ടറി ക്ലബ് പണിത കെട്ടിടം 1985 നവംബർ 6-ാം തിയ്യതി റിട്ട. റവ. ഡോ. മാക്സ്വെൽ നെറോണ ഉദ്ഘാടനം ചെയ്തു.

# വിദ്യാലയം മികവിന്റെ കേന്ദ്രം

പഠനവും പഠനയാത്രകളും, കരകൗശല വസ്തു നിർമ്മാണവും പ്രദർശനവും, കലാകായിക മേളകളും, ബോധവൽക്കരണ ക്ലാസ്സുകളും, ദിനാചരണങ്ങളും, മോറൽ ക്ലാസ്സുകളും, പേഴ്സണാലിറ്റി ഡെവലപ്മെൻ്റ് ക്ലാസ്സുകളുമായി കരുണയുടെ പ്രയാണം തുടരുന്നു. നാളിതുവരെ, കരുണയിലെ എല്ലാ ബാച്ചുകളും 100% വിജയത്തോടെയാണ് പുറത്തിറങ്ങിയത്. 1999-ൽ ജെനിഫർ എം. പോപ്പനിലൂടെ ആദ്യത്തെ ഡിസ്റ്റിംഗ്ഷൻ കരുണയെ തേടിയെത്തി. 2002-ൽ ആയിഷ ഫസ്ന 600-ൽ 550 മാർക്കോടെ സംസ്ഥാനത്ത് ഒന്നാം സ്ഥാനക്കാരിയായി. ആ വർഷം തന്നെ രമ്യ പി. ബാലകൃഷ്ണന് കലാതിലക പട്ടവും ലഭിച്ചു. 2004-ൽ പതിനാല് കുട്ടികൾ രാജ്യ പുരസ്കാര അവാർഡിന് അർഹരായി. 2005-ലെ ബധിരമിത്ര അവാർഡ് കരുണയുടെ സാരഥിയായ സി. ജെമ്മയ്ക്ക് ലഭിച്ചു. 2005-ൽ കരുണയുടെ ഹൈസ്കൂൾ വിഭാഗവും എയിഡഡ് പദവിയിലേക്ക് ഉയർന്നു. 2009-ൽ നിർമ്മിച്ച 'അക്ഷരമുറ്റത്തെ മുത്തുമണികൾ' എന്ന സ്കൂളിന്റെ ഡോകുമെന്ററിക്ക് ചിൽഡ്രൻസ് ഫിലിം സൊസൈറ്റിയുടെ അവാർഡ് ലഭിച്ചു.

2014-ൽ ഹയർസെക്കന്ററി വിഭാഗം എയിഡഡായി 24 കുട്ടികളുമായി ആരംഭിച്ചു. കരുണയുടെ മഹത്തായ പാരമ്പര്യം നിലനിർത്തിക്കൊണ്ട്, 2016-ൽ ആദ്യ ബാച്ചിലെ അലീന ജോയിയും സൗമ്യ പി യും ഫുൾ എ പ്ലസ്സ് നേടിക്കൊണ്ട് ഉന്നത വിജയം കരസ്ഥമാക്കി. 2015-ൽ വിക്ടോറിയക്ക് നാഷണൽ ഡഫ് ഫാമിലി കെയർ അവാർഡ് ലഭിച്ചു. 2015-16-ൽ ബൾഗേറിയയിൽ വെച്ച് നടന്ന ലോക ബധിര ഒളിമ്പിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച ഏക വനിതയാണ് കരുണയിലെ വിദ്യാർത്ഥിനിയായ ശ്രീ.ജിഷ്ണ ഏഷ്യാ പസഫിക് ചാമ്പ്യൻഷിപ്പിൽ ഹൈജംപിൽ സ്വർണ്ണമെഡൽ നേടി.

2017 ൽ സ്കൂളിന്റെ 37-ാം വാർഷികം സമുചിതമായി ആഘോഷിച്ചു. 37 വർഷത്തെ ചരിത്ര ഉൾക്കൊള്ളുന്ന സുവനീർ പ്രകാശന കർമ്മം ശ്രീ എ പ്രദീപ്കുമാർ എംഎൽഎ മലയാള മനോരമ ചീഫ് എഡിറ്റർ ആയ പിജെ ജോഷ്വായ്ക്ക് കൈമാറിക്കൊണ്ട് നിർവഹിച്ചു.

ശ്രവണ പരിമിതരായ നമ്മുടെ കുട്ടികൾക്ക് പഠനത്തിന് ദൃശ്യസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ ഉപകാരപ്രദമായ രീതിയി ആം ഓഫ് ജോയ് യും റോട്ടറി കാലിക്കറ്റ് സൺറൈസ് ഉം ചേർന്ന് ഒരു ഹോം തിയേറ്റർ കരുണാ സ്കൂളിനു സമ്മാനിച്ചു കരുണ ടാകീസ്എന്ന പേരിൽ അറിയപ്പെടുന്ന ഈ തിയേറ്റർ കുട്ടികൾക്കും അധ്യാപകർക്കും നല്ലൊരു മുതൽക്കൂട്ടാണ്.

2022 - 23 വർഷത്തിൽ മദർ തെരേസ അവാർഡ് സിസ്റ്റർ ആലീസിനും ഉജ്ജ്വലബാല്യ പുരസ്കാര അവാർഡ് ജിൽസ് ജയിംസിനും ലഭിച്ചു

കലാകായിക മേളകളെപ്പോലെ പ്രവർത്തിപരിചയ മേളകളിലും കരുണയിലെ കുരുന്നുകൾ നിറസാന്നിധ്യമാണ്. പല വർഷങ്ങളിലും യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലും ഓവറോൾ ചാമ്പ്യൻമാർ കരുണയിലെ കുരുന്നുകൾ തന്നെയായിരുന്നു. എല്ലാ വിജയങ്ങൾക്കും പിന്നിൽ സേവനതൽപരരായ അധ്യാപകരുടെ കഠിനാധ്വാനവും ഉണ്ട്. ശ്രീമതി ഡെയ്സി ടീച്ചർക്ക് പ്രഥമ സത്യനാഥൻ അവാർഡ് ലഭിച്ചത് കരുണയുടെ ചരിത്രത്തിലെ ഒരു പൊൻതൂവലാണ്.

# പദ്ധതി രൂപീകരണ പ്രക്രിയ

വിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വെക്കുന്ന പ്രധാന ലക്ഷ്യം, വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ്. ഓരോ കുട്ടിയുടെയും അറിവും കഴിവും അവരുടെ പ്രായത്തിനനുസരിച്ച് കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കൂ. ഇതിനായി ചിട്ടയായ അക്കാദമിക പ്രവർത്തനങ്ങൾ ആവശ്യമാണ്. ഞങ്ങളുടെ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്കായി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് ഈ **മാസ്റ്റർ പ്ലാൻ.**

## <u>അക്കാദമിക മാസ്റ്റർ പ്ലാൻ രൂപീകരണം</u>

അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂൾ ഹെഡ്മിസ്ട്രസ്, എസ്.ആർ.ജി. കൺവീനർമാർ എന്നിവരുടെ നേതൃത്വത്തിൽ ഒരു യോഗം ചേർന്നു. ഈ യോഗത്തിൽ സമഗ്ര വിദ്യാഭ്യാസ ഗുണമേന്മ പദ്ധതിയുടെ ആശയ ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ട് അധ്യാപകരുടെ ഗ്രൂപ്പ് ചർച്ചകളിലൂടെ അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകി.

വിവിധ സമിതികൾ ചേർന്ന് വിഷയങ്ങളുടെ കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, നിലവിലുള്ള പ്രശ്നങ്ങൾ എന്നിവ നിർണ്ണയിക്കുകയും ആവശ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. യോഗത്തിന്റെ രണ്ടാം ഘട്ടത്തിൽ വിഷയ അടിസ്ഥാനത്തിലുള്ള പ്ലാനുകൾ അവതരിപ്പിക്കുകയും ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്തു.

**കരട് അവതരണവും മെച്ചപ്പെടുത്തലുകളും**

സ്കൂൾ പ്രധാനാധ്യാപികയുടെ അധ്യക്ഷതയിൽ മാസ്റ്റർ പ്ലാനിന്റെ കരട് അവതരിപ്പിച്ചു. ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തി, ഇത് പ്രസിദ്ധീകരണ യോഗ്യമാക്കി മാറ്റിയെഴുതി. ഈ മാസ്റ്റർ പ്ലാൻ ഞങ്ങളുടെ സ്ഥാപനത്തിലെ കുട്ടികളുടെ അക്കാദമിക പുരോഗതിക്ക് ഒരു വഴികാട്ടിയാകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

# ചുമതല വിഭജനം

Headmistress : Sr Rosamma Joseph

Assistant H.M : Shiju K

Staff Secretary : Jincy Jacob

**S.R.G Conveners**

- (L.P) – T J Daisy
- (U.p) – Litty John
- (H.S) – Dhanya V K

# കാഴ്ചപ്പാട്

ശ്രവണ പരിമിതിയുള്ള വിദ്യാർത്ഥികളെ സമൂഹത്തിൽ കഴിവുള്ളവരും,ആത്മവിശ്വാസമുള്ളവരുമാക്കി മാറ്റുക എന്നതിലാണ് ഞങ്ങളുടെ ശ്രദ്ധ. ഇതിലൂടെ,ഭാഷാപരമായ അറിവും ആശയവിനിമയ ശേഷിയുമുള്ള ഒരു പൊതുസമൂഹവുമായി ഫലപ്രദമായി സംവദിക്കാൻ അവരെ പ്രാപ്തരാക്കുന്നു. കേവലം അക്കാദമിക് മികവിനപ്പുറം, ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ വളർച്ചയാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

**പ്രധാന ലക്ഷ്യങ്ങൾ**

* **ഭാഷാ പ്രാവീണ്യവും ആശയവിനിമയ ശേഷിയും:** ശ്രവണ പരിമിതികളെ അതിജീവിച്ച്, വ്യക്തവും ആത്മവിശ്വാസപരവുമായ ആശയവിനിമയം നടത്താൻ ആവശ്യമായ ഭാഷാപരമായ കഴിവുകൾ വിദ്യാർത്ഥികളിൽ വളർത്തുക. ഇത് ആംഗ്യഭാഷ, വായനാ പഠനം, സംഭാഷണ പരിശീലനം എന്നിവയിലൂടെ സാധ്യമാക്കുന്നു.

* **സാമൂഹികവും വൈകാരികവുമായ വികസനം:** ധാർമ്മിക മൂല്യങ്ങൾ, സഹാനുഭൂതി, സ്വയം മനസ്സിലാക്കൽ, വൈകാരിക നിയന്ത്രണം എന്നിവ വളർത്തി വ്യക്തിപരവും സാമൂഹികവുമായ പക്വത കൈവരിക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക. ഇത് സാമൂഹിക ഇടപെടലുകളിലൂടെയും കൗൺസിലിംഗിലൂടെയും സാധ്യമാക്കുന്നു.

* **ബൗദ്ധികവും പാരിസ്ഥിതികവുമായ അവബോധം:** അക്കാദമിക് പഠനത്തിലൂടെ ചിന്താശേഷിയും പ്രശ്നപരിഹാര ശേഷിയും വർദ്ധിപ്പിക്കുക. അതോടൊപ്പം, പ്രകൃതിയെക്കുറിച്ചും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുമുള്ള അവബോധം വളർത്തി,ഉത്തരവാദിത്തമുള്ള പൗരന്മാരായി അവരെ രൂപപ്പെടടുത്തുക.

* **കായിക ക്ഷമതയും ആരോഗ്യകരമായ ജീവിതശൈലിയും:** ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പാക്കാൻ കായിക പ്രവർത്തനങ്ങളിലും ആരോഗ്യകരമായ ജീവിതശൈലിയിലും ശ്രദ്ധ കേന്ദ്രീകരിക്കുക. ഇത് വ്യായാമത്തിലൂടെയും ശരിയായ പോഷകാഹാരത്തെക്കുറിച്ചുള്ള അവബോധത്തിലൂടെയും പ്രോത്സാഹിപ്പിക്കുന്നു.

* **ആത്മീയ വളർച്ച:** ഓരോ വിദ്യാർത്ഥിയിലും ആന്തരിക ശക്തിയും സമാധാനവും വളർത്തുന്നതിന് സഹായിക്കുന്ന ആത്മീയമായ ഉൾക്കാഴ്ചകളും മൂല്യങ്ങളും ഉൾക്കൊള്ളിക്കാൻ പ്രോത്സാഹിപ്പിക്കുക.

ഈ സമഗ്രമായ സമീപനത്തിലൂടെ, ഭാവിയിൽ സമൂഹത്തിന് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിവുള്ള, ആരോഗ്യവും സന്തോഷവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാനാണ് ഞങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കുന്നത്.

# പഠനാന്തരീക്ഷം

- ബധിരരായ കുട്ടികൾക്ക് പഠന ബോധന പ്രക്രിയ നടത്തുന്നതിനനു യോജ്യമായ ക്ലാസ്സ് മുറികളാണ് ഞങ്ങൾക്ക് ഉള്ളത്.

- ഞങ്ങളുടെ HS വിഭാഗം, HSS വിഭാഗങ്ങളിലെ മുഴുവൻ ക്ലാസ്സ് മുറികളും ഡിജിറ്റലാണ്, എങ്കിലും എൽ. പി., യു. പി. വിഭാഗങ്ങളിൽ ഓരോരോ ക്ലാസ് മുറികൾ മാത്രമാണ് ഡിജിറ്റൽ രൂപത്തിലുള്ളൂ എന്നത് സങ്കടകര മായ കാര്യമാണ്.

- കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർ തമ്മിൽ വളരെ ഊഷ്മളമായ ബന്ധമാണ് നിലനിൽക്കുന്നത്. എല്ലാ മാസത്തിലും 2-ാമത്തെ വെള്ളിയാഴ്ച ചേരുന്ന ക്ലാസ് പി. ടി. എ യോഗങ്ങൾ ഈ ബന്ധം ശക്ത മായി നിലനിർത്താൻ സഹായിക്കുന്ന പ്രധാന ഒരു ഘടകമാണ്.

- ജനാധിപത്യ രീതിയിലുള്ള ഇടപെടലുകളാണ് ക്ലാസ് മുറികളിൽ നടക്കുന്നത്. അതായത് ലിംഗം, വർണ, ജാതി വിവേചനങ്ങൾ ഒന്നും ഇല്ലാതെതന്നെയാണ് കുട്ടികൾ അഭിപ്രായപ്രകടനങ്ങൾ നടത്തുന്നതും, പഠനബോധന പ്രക്രിയകൾ നടക്കുന്നതും. കൂടാതെ വളരെ സന്തോഷ ത്തോടുകൂടിയാണ് കുട്ടികൾ ക്ലാസ്സിൽ വരുന്നതും സമയം ചിലവഴിക്കുന്നതും.

- കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും കളിസ്ഥല പരിമിതികൾ ഞങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. എങ്കിലും എല്ലാതരത്തിലുമുള്ള കായികാഭ്യാസങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നു.

- വിപുലമായ ലാബ് സൗകര്യത്തോടൊപ്പം ക്ലാസ് മുറികളും വായനാമൂലകളും ഉണ്ട്. ഈ വായനാ മൂലകളിൽ അതാത് ദിവസത്തെ പത്രവും ലഭ്യമാണ്.

- വിശാലമായ ഒരു ലൈബ്രറി തന്നെ ഞങ്ങൾക്ക് ഉണ്ട്. സ്കൂൾ പാർലമെന്റ് വളരെ സജീവമായി തന്നെ നടത്തപ്പെടുന്നു.

# അവസ്ഥാവിശകലനം

ആനന്ദകരവും ആയാസരഹിതവുമായ പഠനാന്തരീക്ഷം ഒരുക്കുന്നതിൽ 17 അധ്യാപകരുടെ സാന്നിധ്യം ഈ വിദ്യാലയത്തിന് വലിയൊരു മുതൽക്കൂട്ടാണ്. എങ്കിലും, ഹൈസ്കൂൾ ക്ലാസ്സുകളിലെ ജീവശാസ്ത്രം, മലയാളം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ അധ്യാപകരില്ലാത്തത് ഒരു പോരായ്മയായി നിലനിൽക്കുന്നുണ്ട്.ആധുനിക പഠനരീതികൾ

ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പഠനത്തെ കൂടുതൽ ല ളിതമാക്കാനും കുട്ടികൾക്ക് കാര്യങ്ങൾ വേഗത്തിൽ ഗ്രഹിക്കാനും സഹായിക്കുന്നുണ്ട്. ഇതിനായി, വീഡിയോകൾ, ഓഡിയോകൾ, സിനിമാശകലങ്ങൾ, ഡിജിറ്റൽ പാഠപുസ്തകങ്ങൾ എന്നിവ കണ്ടെത്തി അനുയോജ്യമായ സമയങ്ങളിൽ ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയുന്നുണ്ട്.

പരീക്ഷണങ്ങളിലൂടെയുള്ള പഠനം പ്രോത്സാഹിപ്പിക്കുന്നതിൽ നമ്മുടെ വിഷയ ലാബുകൾ ഫലപ്രദമായി ഉപയോഗിക്കാൻ അധ്യാപകർക്ക് സാധിക്കുന്നുണ്ടെങ്കിലും, സർക്കാർ തലത്തിൽ ലഭിച്ച ഉപകരണങ്ങളുടെ തകരാറുകൾ ചെറിയ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. പിന്തുണയും സഹകരണവും

മനുഷ്യസ്നേഹികളായ വിവിധ സംഘടനകളുടെ പിന്തുണ ഈ സ്കൂളിന് വലിയ മുതൽക്കൂട്ടാണ്. പഠനോപകരണങ്ങൾ, കായിക ഉപകരണങ്ങൾ, ദൈനംദിന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ എന്നിവയുടെ വിതരണവും, കുട്ടികളുടെ സമകാലിക വിജ്ഞാനം വർദ്ധിപ്പിക്കാനുതകുന്ന ദിനപ്പത്രങ്ങളുടെ ലഭ്യതയും ഇതിൽ ഉൾപ്പെടുന്നു. വിവിധ മേഖലകളിലെ വിദഗ്ധരുടെ സേവനം, ആനുകാലിക വിഷയങ്ങളിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ടുവരാനും അവരുടെ വൈകാരികമായ വളർച്ചയ്ക്കും സഹായിക്കുന്നു. സാമൂഹിക സാംസ്കാരിക സംഘടനകളും, രക്ഷാകർതൃ സമിതികളും, ആരോഗ്യ-അച്ചടക്ക സമിതികളും ഈ വിദ്യാലയത്തിന്റെ ഊർജ്ജസ്രോത

സ്സുകളാണ്. തുടർച്ചയായ ആസൂത്രണങ്ങളും വിലയിരുത്തലുകളും നട ത്തുന്ന റിസോഴ്സ് ഗ്രൂപ്പുകളുടെ നിരന്തരമായ പരിശ്രമങ്ങൾ മൂലം, കാലി കവും പരിഷ്കൃതവുമായ പ്രവർത്തന രേഖകൾ തയ്യാറാക്കാൻ നമുക്ക് ക ഴിയുന്നുണ്ട്. ഈ ചാരിതാർത്ഥ്യത്തോടെ, പുതിയ അധ്യയന വർഷത്തിൽ പുതിയ അധ്യാപകരായി മാറാൻ ഞങ്ങൾ കാത്തിരിക്കുന്നു.

# ഭൗതിക സാഹചര്യങ്ങൾ

ഒരു വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ട്. ഇവയെ കൂടുതൽ മെച്ചപ്പെടുത്തിയും പുതിയവ കൂട്ടിച്ചേർത്തും വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച പഠനാന്തരീക്ഷം ഒരുക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

**1. പരിസ്ഥിതി സൗഹൃദ വിദ്യാലയ അന്തരീക്ഷം**

* നിലവിലുള്ള സൗകര്യങ്ങൾ

- വിദ്യാലയത്തിൽ മനോഹരമായ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും ഉണ്ട്, ഇത് പരിസ്ഥിതി സൗഹൃദമായ ഒരു അന്തരീക്ഷം പ്രദാനം ചെയ്യുന്നു.
- ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.
- ഇൻസിനറേറ്റർ സൗകര്യവും ബയോഗ്യാസ് പ്ലാന്റും മാലിന്യ സംസ്കരണത്തിന് സഹായകമാണ്.

*** ആവശ്യമുള്ളവ**

- വിദ്യാലയത്തിന് ആവശ്യമായ ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനായി സോളാർ പവർ സംവിധാനം സ്ഥാപിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു. ഇത് ഊർജ്ജസ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനൊപ്പം

പരിസ്ഥിതി സംരക്ഷണത്തിനും വലിയ സംഭാവന നൽകും.

**2. ആധുനിക ലബോറട്ടറികൾ**

* നിലവിലുള്ള സൗകര്യങ്ങൾ:

- സയൻസ് ലാബ് (കെമിസ്ട്രി, ഫിസിക്സ്, മാത്സ്, ബയോളജി) എല്ലാ വിഷയങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നുണ്ട്.
- വിദ്യാർത്ഥികളുടെ സാങ്കേതികപരമായ അറിവ് വർദ്ധിപ്പിക്കുന്നതിനായി മികച്ചൊരു കമ്പ്യൂട്ടർ ലാബും ലഭ്യമാണ്.
- ഓരോ ക്ലാസ്സ് മുറിയും സ്മാർട്ട് ക്ലാസ്സ് റൂം സൗകര്യങ്ങളോടുകൂടിയ ക്ലാസ്സ് റൂം ലാബായി പ്രവർത്തിക്കുന്നു.

* ആവശ്യമുള്ളവ

- പുതിയ പഠനരീതികൾക്ക് അനുസൃതമായി ആധുനിക ലാബ് ഉപകരണങ്ങൾ കൂടുതൽ ലഭ്യമാക്കേണ്ടതുണ്ട്.
- കമ്പ്യൂട്ടർ ലാബിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കാൻ ഒരു കമ്പ്യൂട്ടർ റിപ്പയറിംഗ് യൂണിറ്റ് അത്യാവശ്യമാണ്.

**3. വിപുലമായ ലൈബ്രറി**

* നിലവിലുള്ള സൗകര്യങ്ങൾ:

- വിശാലമായ ഒരു ജനറൽ ലൈബ്രറിയും ഓരോ ക്ലാസ്സിനും പ്രത്യേകം ക്ലാസ്സ് ലൈബ്രറികളും നിലവിലുണ്ട്.

- പൊതുവായതും ക്ലാസ്സ് അടിസ്ഥാനത്തിലുള്ളതുമായ റീഡിംഗ് കോർണറുകൾ സജ്ജീകരിച്ചിട്ടുണ്ട്.

* ആവശ്യമുള്ളവ

- അമ്മ വായന പോലെയുള്ള പരിപാടികളിലൂടെ രക്ഷിതാക്കളെയും വായനയുടെ ലോകത്തേക്ക് കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.
- വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി വായനയുമായി ബന്ധപ്പെട്ട മത്സരങ്ങൾ കൂടുതൽ സംഘടിപ്പിക്കേണ്ടതുണ്ട്.

**4. കളിസ്ഥലങ്ങളും കളി ഉപകരണങ്ങളും**

* നിലവിലുള്ള സൗകര്യങ്ങൾ

- പ്ലേ ഗ്രൗണ്ട് വിദ്യാലയത്തിൽ ലഭ്യമാണ്.
- വിദ്യാർത്ഥികൾക്ക് കളിക്കുന്നതിനായി അത്യാവശ്യം കളി ഉപകരണങ്ങളും നിലവിലുണ്ട്.

* ആവശ്യമുള്ളവ

- വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് സഹായിക്കുന്ന കൂടുതൽ കളി ഉപകരണങ്ങൾ ലഭ്യമാക്കണം.

**5. ആധുനിക ശുചിമുറികൾ**

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായത്ര ശുചിമുറികൾ നിലവിലുണ്ട്. ഇവയുടെ വൃത്തിയും പരിപാലനവും കൃത്യമായി ഉറപ്പാക്കുന്നുണ്ട്.

**6. ശുദ്ധജല ലഭ്യത**

- കോർപ്പറേറ്റ് വാട്ടർ കണക്ഷൻ വഴി ശുദ്ധജലം ലഭ്യമാണ്.

- മഴവെള്ളം ശേഖരിക്കുന്നതിനായി മഴവെള്ള സംഭരണിയും സ്ഥാപിച്ചിട്ടുണ്ട്.

* ആവശ്യമുള്ളവ:

- വിദ്യാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ളം എപ്പോഴും ലഭ്യമാക്കുന്നതിനായി ഒരു കുടിവെള്ള സ്രോതസ്സ് (കിണർ) അത്യാവശ്യമാണ്.

**7. വിദ്യാർത്ഥി- സൗഹൃദ ഫർണിച്ചർ**

- വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ ഫർണിച്ചറുകൾ നിലവിൽ ലഭ്യമാണ്.

**8. ഭക്ഷണശാല**

- വിദ്യാർത്ഥികൾക്കുള്ള ഭക്ഷണം തയ്യാറാക്കാനും, വിതരണം ചെയ്യാനും, ഇരുന്ന് കഴിക്കാനും ആവശ്യമായ എല്ലാ സൗകര്യങ്ങളും വിദ്യാലയത്തിലെ ഭക്ഷണശാലയിൽ ഉണ്ട്.

**9. ഗതാഗത സൗകര്യം**

* നിലവിൽ

- രക്ഷിതാക്കൾ കുട്ടികളെ വിദ്യാലയത്തിൽ എത്തിക്കുന്നുണ്ട്.

* ആവശ്യമുള്ളവ

- വിദ്യാർത്ഥികൾക്ക് വിദ്യാലയം മുതൽ ബസ് സ്റ്റാൻഡ് വരെ പോകാനുള്ള വാഹനസൗകര്യം ഒരുക്കേണ്ടത്

അത്യാവശ്യമാണ്. ഇത് വിദൂരസ്ഥലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വലിയ സഹായകമാകും.

**10. സാമൂഹ്യ ഇടപെടലുകൾ**

വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് സാമൂഹ്യ ഇടപെടലുകൾ നിർണ്ണായകമാണ്.

* പി.ടി.എ. (രക്ഷാകർതൃ-അധ്യാപക സമിതി):

- വളരെ ശക്തമായ ഒരു പി.ടി.എ ഇവിടെയുണ്ട്. ഓരോ മാസത്തിലും ക്ലാസ്സ് പി.ടി.എ. യോഗങ്ങൾ കൃത്യമായി നടത്താറുണ്ട്. എസ്.എം.സി. (സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി), മദർ പി.ടി.എ. എന്നിവയും വിദ്യാലയത്തിൽ രൂപീകരിച്ചിട്ടുണ്ട്, ഇത് രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ:

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ വേണ്ട രീതിയിൽ ഉണ്ടാകാറുണ്ട്. വർഷങ്ങൾക്ക് മുൻപ് കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കളി ഉപകരണങ്ങൾ ലഭിച്ചിട്ടുണ്ട്. തുടന്നും ഇവരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

* പൂർവ്വ വിദ്യാർത്ഥികൾ

- പൂർവ്വ വിദ്യാർത്ഥികളുടെ ഒരു കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും അവരുടെ ഒത്തുചേരലുകൾ വിദ്യാലയ ഓഡിറ്റോറിയത്തിൽ വെച്ച് നടത്താറുണ്ട്. വിദ്യാലയത്തിന്റെ വികസനകാര്യങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൂർവ്വ വിദ്യാർത്ഥികളെയും

ഉൾപ്പെടുത്താറുണ്ട്. ഇവരുടെ പിന്തുണ വിദ്യാലയത്തിന് വലിയ മുതൽക്കൂട്ടാണ്.

* വിവിധ വകുപ്പുകൾ:

- ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും ആവശ്യമായ ഇടപെടലുകൾ ഉണ്ടാകാറുണ്ട്.

* സന്നദ്ധ സംഘടനകൾ:

- വിദ്യാലയ ശുചീകരണവുമായി ബന്ധപ്പെട്ട് സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്. കൂടാതെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലയൺസ് ക്ലബ്ബ് പോലുള്ള സന്നദ്ധ സംഘടനകൾ വിദ്യാലയത്തിനായി സ്പോർട്സ് ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. ഇവരുടെ തുടർസഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു

# വിദ്യാലയം നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും

| മേഖല | പ്രശ്നങ്ങൾ | കാരണങ്ങൾ |
|---|---|---|
| അക്കാദമികം | ശ്രുവണപരിമിതി - ഭാഷാവികസനക്കുറവ്. | ശ്രുവണപരിമിതി നേരിടുന്ന കുട്ടികൾക്ക് പഠനഭാ ഗങ്ങളുടെ ബാഹുല്യം മൂലം സമയബന്ധിതമായി പാഠഭാഗങ്ങൾ തീർക്കേണ്ടി വരുന്നതിനാൽ ഭാഷ വികസനത്തിന് സമയം ലഭിക്കുന്നില്ല. |
| അക്കാദമികം | തൊഴിലധിഷ്ഠിത വിദ്യാ ഭ്യാസം ഉറപ്പ് വരുത്തുന്നില്ല. | തൊഴിലധിഷ്ഠിത വിഷയങ്ങൾ, (ആനിമേഷൻ, ഫാഷൻ ഡിസൈനിംഗ്, മുതലായവ) പാഠ്യപദ്ധ തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| അക്കാദമികം | ഹിയറിംഗ് എയിഡ് (ലഭ്യതാ കുറവ്) | കേൾവിയുടെ തോതനുസരിച്ച് ഹിയറിംഗ് എയ്ഡു കൾ പ്രോഗ്രാം ചെയ്ത് നൽകാവുന്നതും റിപ്പ യർ സെന്റർ ഇല്ലാത്തതും സൗജന്യ ശ്രുവണ സഹായികൾ ലഭിക്കുന്നില്ല. |
| ഭൗതീകം | ജൈവവൈവിധ്യ ഉദ്യാന കൃഷി എന്നിവയ്ക്കുള്ള സ്ഥല പരിമിതി. | സ്ഥലപരിമിതി |
| ഭൗതീകം | ശുദ്ധമായ ജലത്തിന്റെ ലഭ്യത ക്കുറവ് | കിണറില്ല. കോർപ്പറേഷൻ ജലം ശുദ്ധീകരിച്ചാണ് ഉപയോഗിക്കുന്നത്. വേനൽക്കാലത്ത് ഇതിനും തടസ്സം നേരിടുന്നു. കുട്ടികൾ ഹോസ്റ്റലിൽ താമ സിച്ച് പഠിക്കുന്നത്കൊണ്ട് ജലത്തിന്റെ ഉപ യോഗം കൂടുതലാണ്. |
| | വെള്ളപ്പൊക്കഭീഷണി | താഴ്ന്ന പ്രദേശമായതിനാൽ തുടർച്ചയായി ശക്ത മായ മഴ പെയ്യുമ്പോൾ വെള്ളപ്പൊക്കം സാധാര ണമാണ്. ആ ദിവസങ്ങളിൽ സ്കൂൾ പ്രവൃത്തി സാധ്യമല്ല. |
| | കളിസ്ഥലം | സ്ഥല പരിമിതി. താഴ്ന്ന സ്ഥലമായതിനാൽ മഴ ക്കാലത്ത് വെള്ളപ്പൊക്കവും ചളിയും കെട്ടികിടന്നു നിറയെ കൊള്ളും കാടും നിറയുന്നു. |

# എൽ.പി.വിഭാഗം

## എൽ.പി വിഭാഗം- മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.പ്രീ ടെസ്റ്റ്<br>2.അക്ഷരം ഉറപ്പിക്കൽ<br>3.അക്ഷരകാർഡ് നൽകൽ<br>4. അക്ഷരമരം<br>5. അടയാളം ഉറപ്പിക്കൽ ആഭരണം അണിയിക്കൽ<br>6. വാക്കുകൾ എഴുതിയ കാർഡ്<br>8. ചിത്ര വായന<br>9. വാക്കുകൾ നിർമ്മിക്കുക<br>അക്ഷര കേളി<br>11. ചെറുവാക്യങ്ങൾ നിർമ്മി ക്കൽ<br>12. ചിത്രകാർഡ് (പഴങ്ങൾ, പച്ച ക്കറികൾ, മൃഗങ്ങൾ, പലഹാര ങ്ങൾ, വാഹനങ്ങൾ) | ജൂൺ<br>-<br>ആഗസ്റ്റ് വരെ | എൽ പി ടീച്ചർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | 13. വായനാകാർഡ്<br>14. ചിത്രം - അടിക്കുറിപ്പ്<br>15. ചിത്രം - സന്ദർഭം പറയൽ<br>16. ലഘുവാക്യങ്ങൾ ഉള്ള കഥാ പുസ്തകം (ബാലമാസിക നൽകൽ)<br>17. ഐ.ടി. സാധ്യതകൾ ഉപയോഗിച്ച് ചിത്രങ്ങൾ നൽകി വാചക ങ്ങൾ പറയൽ.<br>18. വാക്കുകൾ വാചകങ്ങൾ എഴു | | | |
| 2 | കുട്ടിയെ മികച്ച വായ നക്കാരനാക്കു ക | 1. കഥയിലെ ചില പ്രത്യേകപദങ്ങൾക്ക് പകരം ചിത്രങ്ങൾ നൽകി കഥ പൂർത്തിയാക്കുന്നു.<br><br>2. ചിത്രങ്ങൾ നിരീക്ഷിച്ച് ലഘു വാക്യങ്ങൾ വാചികമായി അവതരിപ്പിക്കൽ | സെപ്റ്റംബർ - നവംബർ | എൽ പി ടീച്ചർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | 3. വായനാകാർഡിലുള്ള ചെറിയ വാക്യങ്ങൾ വായിക്കുന്നു.<br>4. വായനാമൂല<br>5. പത്രവാർത്ത-തലക്കെട്ട്<br>6. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>7. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>8. വായനോത്സവം<br>9. പത്രവായന<br>10. ദിനാചരണങ്ങൾ<br>11. വായനാ സാമഗ്രികൾ വിക | | | |
| 3 | കുട്ടിയെ മികച്ച എഴു ത്തുകാരനാ ക്കുക. | 1. അക്ഷരങ്ങൾ ഉപയോഗിച്ച് കൂടുതൽ പദങ്ങൾ കണ്ടെത്തൽ<br>2. ചിത്രങ്ങൾ ഉൾപ്പെട്ട വായനാ കാർഡ് വിതരണം<br>3. ആഭരണം അണിയിക്കൽ<br>4. ചിത്രകഥാപൂരണം<br>5. ചിത്രവിവരണം<br>6. ഡയറി എഴുത്ത് | ഡിസംബർ - മാർച്ച് | എൽ പി ടീച്ചർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | 7. ചിത്രത്തെ അടിസ്ഥാനമാക്കി ലഘു വിവരങ്ങൾ തയ്യാറാക്കൽ<br>8. പോസ്റ്റൽ നിർമ്മാണം<br>10. ക്ലാസ് ലൈബ്രറി<br>10. പതിപ്പ് തയ്യാറാക്കൽ<br>11. എഴുത്ത് കൂട്ടം - രൂപികരി ക്കൽ<br>12. എഴുത്ത്കൂട്ടം - മോണിറ്ററിംഗ്<br>13. വായനാക്കുറിപ്പ്<br>14. വ്യക്തിഗത രചന<br>15. സംഘടന<br>16. ബാലസഭ<br>17.വായനാസാമഗ്രികൾ വികസിപ്പിക്കൽ | | | |
| 4 | ഭാഷാപരമായ കേട്ടെഴുതുന്ന തിന് ഭാഷാപരമായ കാര്യങ്ങൾഗ്ര ഹിക്കുന്നതിന് | ഓഡിറ്ററി ട്രെയിനിംഗ് അധരമായ പത്രവായന | വർഷം മുഴുവൻ | | |
| 5 | രക്ഷിതാക്കളു ടെയും അധ്യാപകരു | സംയുക്ത ഡയറി അമ്മയോടൊപ്പം ലൈബ്രറി വായന | വർഷം മുഴുവൻ | പി ടി എ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | ടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു | പോസ്റ്റർ നിർമ്മാണം വായനാക്കുറിപ്പ് നിർമ്മാണം ചിത്രവിവരണം | | | |

# എൽ.പി വിഭാഗം- ഇംഗ്ലീഷ്

| SI No | Area | Activity | Duration | Change | Fund |
|---|---|---|---|---|---|
| 1 | To get interest to study english innovative activities are presented. | 1.Pree Test<br>2.Through source questions giving the sound for the alphabets.<br>2. Trace and write<br>3. Alphabets cards<br>4. Alphabets tree<br>5. Re-arrange the alphabets<br>6. Write the missing letters Match the alphabets Capital/small<br>7. Colour the part of the box which has the capital 'E' or small 'e'<br>8. Join the dots<br>9. Use of ICT | June to August<br><br>September to november | | |
| 2 | To make the students read and write english easily. | 1. Look at the picture and say and write the word.<br>2. Circle the pictures which start with the letter. | | | |

| | | | | | |
|---|---|---|---|---|---|
| | | **3. Picture card and word card**<br>**4. Reading..........**<br>**5. Class library**<br>**6. Picture reading**<br>**7. Uppercase and lowercase letters recognition**<br>**8. Relord structure** | **December to March** | | |

## എൽ.പി വിഭാഗം- ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | വിവിധ രൂപങ്ങൾ തിരിച്ചറിയുന്നതിനും നിർമ്മിക്കുന്നതിനും | 1.ശില്പശാല വിവിധ രൂപങ്ങൾ ഉള്ള വസ്തുക്കൾ കണ്ടെത്താൻ<br>2. വിവിധ രൂപങ്ങൾക്ക് നിറം നൽകുക | ജൂൺ ജൂലൈ | എൽ പി ടീച്ചർ | |
| 2 | വലുത് ചെറുത് തിരിച്ചറിയൽ | 1. നീളം കൂടിയത് കുറഞ്ഞത് കണ്ടെത്തുന്നു<br>2. വലുതും ചെറുതും കണ്ടെത്തുന്നു | ജൂലൈ | എൽ പി ടീച്ചർ | |
| 3 | സംഖ്യാ ബോധം | 1. സംഖ്യാ കാർഡ് ഉപയോഗിച്ചുള്ള കളികൾ<br>2. സ്ഥാനവില മനസ്സിലാക്കുന്നതിന് | വർഷം മുഴുവൻ | എൽ പി ടീച്ചർ | |
| 4 | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 1. മാന്ത്രിക ചതുരം<br>2. സംഖ്യാ ചക്രം<br>3. സംഖ്യാ പിരമിഡ് നിർമ്മാണം<br>4. പാമ്പും കോണിയും ഡയസ് കളി | | | |

| | | | | | |
|---|---|---|---|---|---|
| | | 5. പ്രായോഗിക പ്രശ്നങ്ങൾ കുട്ടിക്കട 6. ആരോഹണ അവരോഹണം കണ്ടെത്തൽ | ജൂൺ മാർച്ച് | എൽ പി ടീച്ചർ | |

## എൽ.പി വിഭാഗം- പരിസരപഠനം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം | 1. ചെടികൾ നടൽ 2. ഇല ആൽബം മഴ നടത്തം<br>3. വയൽ സന്ദർശനം കുളം സന്ദർശനം 4. ഓല കൊണ്ടുള്ള ക്രാഫ്റ്റ് | ജൂൺ- ജൂലൈ | | |
| 2 | ട്രാഫിക് ലൈറ്റുകൾ പരിചയപ്പെടുത്താൽ | 1. റോഡ് സന്ദർശനം 2. ട്രാഫിക്<br>ലൈറ്റ് ട്രാഫിക് സിഗ്നൽ<br>3. TCT വീഡിയോപ്രദർശനം | | | |
| 3 | കുട്ടികൾക്ക് പരസ്പരം പേര് പറയാനും പരിചയപ്പെടാനും അവസരം | 1. വിവിധതരം കളികളിലൂടെ കുട്ടികളുടെ<br>പേരുകൾ കണ്ടെത്തൽ | ആഗസ്റ്റ് | | |
| 4 | നമ്മുടെ പരമ്പരാഗത ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | 1. ഭക്ഷ്യമേള<br>2. പലഹാരങ്ങൾ ചുക്കുകാപ്പി കർക്കിടക കഞ്ഞി നിർമ്മാണം<br>3. സാലഡ് നിർമ്മാണം<br>4.അവൽ കുഴക്കൽ | വർഷം മുഴുവൻ | | |

| | | | | | |
|---|---|---|---|---|---|
| 5 | നാട് അറിയാൻ | 1. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കാൻ മ്യൂസിയം പ്ലാനിറ്റേറിയം കടൽത്തീരം | വർഷം മുഴുവൻ | | |

# ക്രാഫ്റ്റ് വർക്ക് എൽ പി

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | 1. വ്യത്യസ്ത വസ്തുക്കൾ നിറങ്ങൾ ഉപയോഗിച്ച് പുതിയ കാര്യങ്ങൾ നിർമ്മിക്കുമ്പോൾ അവരുടെ സർഗാത്മകത ഉണരുന്നു. 2. പേശി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നു. 3. പ്രശ്നപരിഹാര ശേഷി വികസിപ്പിക്കുന്നു. ആത്മവിശ്വാസം വളർത്തുന്നു വിവിധ കഴിവുകൾ ഏകോപിപ്പിക്കുന്നു സാംസ്കാരിക അവ ബോധം | 1. തൊപ്പി നിർമ്മാണം<br>2. തോണി നിർമ്മാണം<br>3. കുട നിർമ്മാണം | ജൂൺ - ജൂലൈ | ക്രാഫ്റ്റ് അധ്യാപിക | |
| 2 | | 1. ഓല കൊണ്ടുള്ള കളിപ്പാട്ടങ്ങൾ<br>2. പേപ്പർ മീൻ | ഓഗസ്റ്റ് - സെപ്റ്റംബർ | | |
| 3 | | 1.വീട് നിർമ്മാണം<br>2. പതാക നിർമ്മാണം | ഒക്ടോബർ നവംബർ | | |
| 4 | | 1. കളർ ഫിംഗർപ്രിന്റ് | ഡിസംബർ-ജനുവരി | | |
| 5 | | 1. മണൽ ചിത്രങ്ങൾ<br>2. കൊളാഷ്<br>3. ഗണിതരൂപങ്ങൾ കൊണ്ടുള്ള ചിത്രങ്ങൾ | ഫെബ്രുവരി-മാർച്ച് | | |

# യു.പി വിഭാഗം

## യു.പി മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, പെരുക്കങ്ങൾ എന്നിവ തിരിച്ചറിയുന്നു. | ജൂൺ | മലയാളം ടീച്ചർ | |
| 2 | അക്കാദമികം | 1. അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുന്നു.<br>2. വാക്കുകൾ ചേർത്ത് വാചകങ്ങൾ നിർമ്മിക്കുന്നു. | ജൂലൈ | | |
| 3 | അക്കാദമികം | 1. വാക്യഘടന തിരിച്ചറിയുന്നു. പദസൂര്യൻ നിർമ്മിക്കുന്നു.<br>2. പദപ്രശ്നം ചെയ്യുന്നു. ചിത്രവായന<br>3. ചിത്രം നോക്കി ചെറുവാചകങ്ങൾ നിർമ്മിക്കുന്നു. | ആഗസ്റ്റ് | | |
| 4 | അക്കാദമികം | 1. വാങ്മയചിത്രം വരയ്ക്കുന്നു.<br>2. മാതൃകപോലെ പദം പിരിച്ചെ ഴുതുന്നു. | സെപ്തംബർ | | |
| 5 | അക്കാദമികം | 1. വലയത്തിൽ നിന്ന് ശരിയായ പദങ്ങൾ എടുത്തെഴുതുന്നു. | ഒക്ടോബർ | | |
| 6 | അക്കാദമികം | | നവംബർ | | |

| | | | | | |
|---|---|---|---|---|---|
| 7 | അക്കാദമികം | 1. ഖണ്ഡിക വായിച്ച് ചോദ്യ ങ്ങൾക്ക് ഉത്തരം എഴുതുന്നു. | ഡിസംബർ | | |
| 8 | അക്കാദമികം | 1. ആവർത്തനം (ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നു.) | ജനുവരി | | |
| 9 | അക്കാദമികം | 1. ചെറുകുറിപ്പുകൾ തയ്യാറാക്കുന്നു. | ഫെബ്രുവരി | | |

# യു പി ഇംഗ്ലീഷ്

| SI No | Area | Activity | Duration | Change | Fund |
|---|---|---|---|---|---|
| 1 | To get basic knowledge of the English languag | 1. Will conduct a pre test<br>2.The alphabets will be introduce and revise<br>3. Then introduce alphabets and words<br>4. Introduce 3 letter words<br>5. Picture reading is being introduce<br>6.Then write picture description | June To August | English Teacher | Class teacher |
| 2 | To improve reading skill | 1. newspaper reading<br>2. read library books<br>3. read small English storybooks | August to October | English Teacher | Class teacher |
| 3 | To improve writing skills | Diary writing letter writing description writing | November to December | English Teacher | Class teacher |
| 4 | To improve listening skill | Listen and draw students listen to a short description and then draw it | Januvary to February | English Teacher | Class teacher |

## യു പി കണക്ക്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| | അക്കാദമികം | 1. കൊറോണ കാലത്ത് കുട്ടികളിലുണ്ടായ പഠനവിടവ് പരിഹരിക്കുക.<br>2. ചതുഷ്ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക<br>3. ഗുണന പട്ടികകൾ മനഃപാഠമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.<br>4. അഞ്ചക്ക സംഖ്യകളും, ആറക്ക സംഖ്യകളും കുട്ടികളെ പരിചയപ്പെടുത്തുക. സംഖ്യകളുടെ സ്ഥാനവില മനസ്സിലാക്കി കൊടുക്കുക. | ജൂൺ - ആഗസ്റ്റ് വരെ | ഗണിത അധ്യാപിക | ക്ലാസ് ടീച്ചർ |
| | അക്കാദമികം | 1. ഗുണനപ്പട്ടിക ഉപയോ ഗിച്ച് ഗുണനവും ഹരണവും പഠിപ്പിക്കുക.<br>2. മൂന്നക്ക സംഖ്യ കൊ ണ്ടുള്ള ഗുണനം. | സെപ്തംബർ ഡിസംബർ | ഗണിത അധ്യാപിക | ക്ലാസ് ടീച്ചർ |
| | അക്കാദമികം | 1. നാലക്ക സംഖ്യകളുടെ ഗുണനം എന്നിവയ്ക്ക് പ്രധാന്യം നൽകാൻ | ജനുവരി - മാർച്ച് | ഗണിത അധ്യാപിക | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| | അക്കാദമികം | തീരുമാനിച്ചു.സങ്കലന, വ്യവകലന ക്രിയകൾ കൂടുതൽ മനഃപാഠമാക്കുകയും ചെയ്യുക<br>2. ആവർത്തന വ്യവകലന മാണ് ഹരണം എന്ന് ബോധ്യപ്പെടുത്തുക.<br>3. ആവർത്തന സങ്കലന മാണ് ഗുണനമെന്നും കുട്ടിക്ക് മനസ്സിലാക്കിക്കൊടുക്കുക.<br>1. ദൈനംദിന ജീവിത പ്രശ്നപരിഹാരത്തിന് ഗണിതാശയങ്ങളും, ധാരണകളും ഉപയോഗപ്പെടുത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.<br>2. ഇടയ്ക്കിടെ ഗണിത ത്തിലെ ചതുഷ്ക്രിയകൾ ഓർമ്മപ്പെടുത്തുക.<br>3. ഗണിതത്തിലെ അടി സ്ഥാന വസ്തുക്കളിലെ ആശയം ദൃഢപ്പെടുത്തുക. | ദീർഘകാലം | ഗണിത അധ്യാപിക | ക്ലാസ് ടീച്ചർ |

# യു പി സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. പരിസ്ഥിതി ദിനം ബോധവൽക്കരണ ക്ലാസ്<br>2. വൃക്ഷത്തൈ നടൽ മരങ്ങളുടെ പ്രാധാന്യം വീഡിയോ പ്രദർശനം | ജൂൺ | സയൻസ് ടീച്ചർ | ടീച്ചേഴ്സ് |
| 2 | അക്കാദമികം | 1. പരിസ്ഥിതി സംരക്ഷണം സെമിനാർ അവതരണം<br>2. പരിസ്ഥിതി മലിനീകരണം തടയാനുള്ള പ്രവർത്തനങ്ങൾ<br>3. സ്കൂളും വീടും പരിസരവും അതിനുമുക്തമാക്കൽ അതിന്റെ വീഡിയോ പ്രദർശനം | ജൂലൈ | സയൻസ് ടീച്ചർ | ടീച്ചേഴ്സ് |
| 3 | അക്കാദമികം | 1. ശുചിത്വ സർവേ പോസ്റ്റർ രചന മത്സരം<br>2. പകർച്ചപ്പനി വന്നാൽ വീട്ടിലുള്ള മറ്റുള്ളവർക്ക് വരാതിരിക്കാൻ മുൻകരുതലുകൾ മനസ്സിലാക്കുന്നു | ആഗസ്റ്റ് - സെപ്തംബർ | സയൻസ് ടീച്ചർ | ടീച്ചേഴ്സ് പി ടി എ |

| | | | | | |
|---|---|---|---|---|---|
| 4 | അക്കാദമികം | 1. ആരോഗ്യം സംരക്ഷിക്കാനുള്ള മാർഗങ്ങൾ ആഹാരങ്ങൾ എന്നിവ മനസ്സിലാക്കുന്നു<br>2. ആരോഗ്യ പാനീയങ്ങൾ ഉണ്ടാക്കുന്ന വിധം കുട്ടികളെ ഉണ്ടാക്കാൻ പഠിപ്പിക്കുന്നു | നവംബർ<br>ഡിസംബർ | സയൻസ് ടീച്ചർ | |
| 5 | അക്കാദമികം | 1. നാടൻ വിഭവങ്ങൾ പാചകക്കുറിപ്പ് ശേഖരിക്കാൽ ഉണ്ടാക്കാൽ പ്രദർശനം | ജനുവരി | സയൻസ് ടീച്ചർ | |
| 6 | അക്കാദമികം | 1. ജൈവവൈവിധ്യ പാർക്ക് നിർമ്മാണം ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം പൂന്തോട്ടം എന്നിവ നിർമ്മാണം ഗ്രൂപ്പ് പ്രവർത്തനമായി നൽകുന്നു | ഫെബ്രുവരി<br>മാർച്ച് | | |

# യു പി സോഷ്യൽ സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. സാമൂഹ്യശാസ്ത്രപഠനവുമായി ബന്ധപ്പെട്ട കുട്ടികൾക്ക് പൊതുവിജ്ഞാനത്തിൽ ഉള്ള അറിവ് കൊറോണ കാലയളവിൽ നഷ്ടമായി കേരളത്തെ സംബന്ധിക്കുന്ന പൊതുവിജ്ഞാന ചോദ്യങ്ങൾ ഉൾപ്പെടുത്തി വർഷാവസാനം ആകുമ്പോഴേക്കും പൊതുവിജ്ഞാന ക്വിസ്സിനായി ഒരുക്കുക. | | | |
| 2 | അക്കാദമികം | 1. കേരള ഭൂമിശാസ്ത്രം | ജൂൺ | സോഷ്യൽ സയൻസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| 3 | അക്കാദമികം | 2. കേരളം നദികൾ | ജൂലൈ | | |
| 4 | അക്കാദമികം | 3. കേരളം കാർഷികരംഗം | ആഗസ്റ്റ് | | |
| 5 | അക്കാദമികം | 4. കലാരംഗം, വിദ്യാഭ്യാസം | ഒക്ടോബർ | | |
| 6 | അക്കാദമികം | | ഒക്ടോബർ | | |

| | | | | | |
|---|---|---|---|---|---|
| 7 | അക്കാദമികം | 5. കേരളം-സ്വാസന്ത്ര്യസമര ചരിത്രം<br><br>കേരള പരിസ്ഥിതി<br>മതവിഭാഗം<br>സ്പോർട്സ്<br>ബഹിരാകാശ സാസ്ത്രം | -<br>ഡിസംബർ<br><br>ഡിസംബർ - മാർച്ച് | സോഷ്യൽ സയൻസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| 8 | അക്കാദമികം | ക്വിസ് മത്സരം | | സോഷ്യൽ സയൻസ് ടീച്ചർ | ക്ലാസ് ടീച്ചർ |

# ക്രാഫ്റ്റ് വർക്ക് U P

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. ശില്പ കലയുടെ പരിചയം.<br>2. നിറങ്ങളുടേയും രൂപങ്ങളുടെയും പഠനം<br>3. ബേസിക് സ്റ്റിച്ചിങ്<br>4. കളർ മിക്സിങ് | ജൂൺ | ക്രാഫ്റ്റ് അധ്യാപിക | |
| 2 | അക്കാദമികം | 1. പേപ്പർ ക്രാഫ്റ്റ്<br>2. പേപ്പർ ഫ്ലവേഴ്സ്<br>3. ഫോൾഡിങ്<br>4. എംബ്രോയിഡറി<br>5. തയ്യൽ | ജൂലൈ | ക്രാഫ്റ്റ് അധ്യാപിക | |
| 3 | അക്കാദമികം | 1. മെഷിൻ ചവിട്ടി പഠിക്കൽ | ആഗസ്റ്റ് | ക്രാഫ്റ്റ് അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 4 | അക്കാദമികം | 1. ഗ്രീറ്റിംഗ് കാർഡ്<br>2. ടൗസർ കട്ടിംഗ് | സെപ്റ്റംബർ | ക്രാഫ്റ്റ് അധ്യാപിക | |
| 5 | അക്കാദമികം | 1. തയ്യൽ തുടർച്ച | ഒക്ടോബർ | ക്രാഫ്റ്റ് അധ്യാപിക | |
| 6 | അക്കാദമികം | 1. പില്ലോ കവർ തുന്നൽ | നവംബർ | ക്രാഫ്റ്റ് അധ്യാപിക | |
| 7 | അക്കാദമികം | 1. ഹാഫ് പെറ്റിക്കോട്ട് | ഡിസംബർ | ക്രാഫ്റ്റ് അധ്യാപിക | |
| 8 | അക്കാദമികം | പെറ്റിക്കോട്ട് | ജനുവരി | ക്രാഫ്റ്റ് അധ്യാപിക | |
| 9 | അക്കാദമികം | മിഡി റൗണ്ട് | ഫെബ്രുവരി | ക്രാഫ്റ്റ് അധ്യാപിക | |

# എച്ച്ം എസ് വിഭാഗം

# എച്ച് . എസ് വിഭാഗം - മലയാളം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | സ്വന്തമായി കഥയെഴുതൽ വാക്കുകൾ സ്വന്തമായി സ്വതന്ത്രമായ രചനകൾ നടത്തുക. | 1 വർഷം ജൂൺ ജൂലൈ | ഭാഷാ അധ്യാപകർ | |
| | | വാക്കുകൾ ചേർത്ത് പുതിയ വാചകങ്ങൾ നിർമ്മിക്കൽ. | ആഗസ്റ്റ് നവംബർ | | |
| | | വാചകങ്ങൾ ചേർത്ത് ഉപന്യാസം, ചെറിയ കഥകൾ, കവിതകൾ,എന്നിവ തയ്യാറാക്കൽ. | ഡിസംബർ മാർച്ച് | | |

## എച്ച് . എസ് വിഭാഗം - English

| SL No | Area | Activity | Duration | Chrage | Fund |
|---|---|---|---|---|---|
| 1 | | Ward Formation<br>1. Puzzles<br>2.Word Card<br>3. Picture Card<br>4. Execution & Evelution | June to August | Subject Teacher | |
| 2 | | Sentence Formation<br>1. Picture reading<br>2. Audio Visual & CD<br>3. Asking yes/No questions<br>4. Work Sheet. | September to November | Subject Teacher | |
| 3 | | Word Chain<br>1. Learn as many words as possible<br>2. Prepare an exercise of words | Nov, to Jan. | Subject Teacher | |

| | | | | | |
|---|---|---|---|---|---|
| | | 3. Write a word using the last letter of the word from word in chain. | | | |
| 4 | | Wh-Question formation<br>1. To knows how to form 'wh' questions & 'h' Questions<br>2. Learn the meaning of the questions.<br>3. Make questions using who, what, where, why How, etc.<br>4. Evaluation. | Jan. to March | Subject Teacher | |

# എച്ച് . എസ് വിഭാഗം - ഗണിതം

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. അക്കാദമിക കലണ്ടർ പ്രകാരം തീർക്കേണ്ട പാഠഭാഗ ങ്ങളും അവയിലെ പഠന പ്രവർത്തനങ്ങളും സമയബന്ധിതമായി തീർക്കുന്നു. | ജൂൺ<br>ആഗസ്റ്റ് | ഗണിതാധ്യാപകൻ<br>ഗണിതാധ്യാപകൻ | |
| 2 | അക്കാദമികം | 2. യൂണിറ്റ് ടെസ്റ്റ് ഓരോ മാസത്തിലും നൽകുന്നു. | | | |
| 3 | അക്കാദമികം | 3. കുട്ടികളിലെ പഠന വിടവ് പരിഹരിക്കാൻ നൽകിയ പ്രവർത്തനങ്ങളുടെ Folloup ഉ അക്കാദമിക | സെപ്റ്റംബർ<br>ഡിസംബർ | ഗണിതാധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | കലണ്ടർ പ്രകാരം തീർക്കേണ്ട | | | |
| 4 | അക്കാദമികം | 4.പാഠഭാഗങ്ങളും അവയിലെ പഠനപ്രവർത്തനങ്ങളും സമയബന്ധിതമായി തീർക്കുന്നു. | ജനുവരി മാർച്ച് | ഗണിതാധ്യാപകൻ | |
| 5 | അക്കാദമികം | 5. വിവിധ ധിനാചരണങ്ങൾ നടത്തുന്ന. | ദീർഘകാലം | ഗണിതാധ്യാപകൻ | |

## എച്ച് . എസ് വിഭാഗം - സയൻസ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1.ശാസ്ത്രലാബ് നവീകരണം<br>2. ശാസ്ത്ര ദിനങ്ങളുടെ ആചരണം<br>3. BMI<br>4. ഫിസിക്സ് കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും സാമഗ്രികളും പ്രത്യേകം പ്രത്യേകം സജീകരിക്കൽ | ദീർഘകാലം | സയൻസ് ടീച്ചർ | സയൻസ് ടീച്ചർ |
| 2 | അക്കാദമികം | 5. പരിസ്ഥിതി ദിനം - ബോധവതകരണ ക്ലാസ്<br>6 ചാന്ദ്രദിനവുമാ | ദീർഘകാലം | സയൻസ് ടീച്ചർ | സയൻസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 3 | അക്കാദമികം | യി ബന്ധപ്പെട്ട വീഡിയോ പ്രദർശനം<br>7 കുട്ടികളുടെ ഉയരവും ഭാരവും വച്ച് BMI തയ്യാറാക്കുന്നു | ഓഗസ്റ്റ് മാസം | | സയൻസ് & പി.ഇ.ടി ടീച്ചേഴ്സ് |

## എച്ച് . എസ്  വിഭാഗം -  സോഷ്യൽ സയൻസ്

ലക്ഷ്യം:- പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | അക്കാദമികം | 1. ചരിത്ര പ്രാധാന്യമുള്ള സ്ഥലത്തേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു | ആഗസ്റ്റ് മാസം | സാമൂഹ്യ ശാസ്ത്രം അധ്യാപിക | CPTA |
| | | 2. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക. | | | |
| | | 3. സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുന്നു. | ജൂൺ - ഡിസംബർ. | സാമൂഹ്യശാസ്ത്ര അധ്യാപക | CPTA |
| 2 | അക്കാദമികം | **സാമൂഹ്യ പരിഷ്കർത്താക്കളെ** | | | |

| | | | | | |
|---|---|---|---|---|---|
| 3 | അക്കാദമികം | **പരിചയപ്പെടുത്തൽ.**<br>4. സാമൂഹിക പരിഷ്കർത്താക്കളുടെ ആൽബം തയ്യാറാക്കൽ. | ജൂൺ-ജനുവരി. | സാമൂഹ്യശാസ്ത്ര അധ്യാപക | CPTA |

## എച്ച് . എസ് വിഭാഗം – തയ്യൽ

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| | പ്രവർത്തി പഠനത്തിലൂടെ സ്വതസിദ്ധമായ കഴിവുകളെ വളർത്തിയെടുക്കുന്ന പ്രക്രിയ | 1. തയ്യൽ ഉപകരണങ്ങളെ പരിചയപ്പെടൽ<br>2 വിവിധ വസ്ത്രങ്ങളുടെ മോഡൽ പരിചയപ്പെടുത്തൽ. | ജൂൺ | ക്രാഫ്റ്റ് അധ്യാപിക | |
| | | 3.തുണിത്തരങ്ങളുടെ പ്രത്യേകത മനസ്സിലാക്കൽ.<br>*അളവെടുക്കൽ, തയ്യലിന്റെ ഗുണങ്ങൾ പരിചയപ്പെടൽ. | ജൂലൈ | ക്രാഫ്റ്റ് അധ്യാപിക | |
| | | 4. ഷഡ്ഢി, ട്രൗസർ, ഷർട്ട് അളവ് പഠിപ്പിക്കൽ. | ഓഗസ്റ്റ് | ക്രാഫ്റ്റ് അധ്യാപിക | |
| | | 5. ഗ്രീറ്റിംഗ് കാർഡ് തയ്യൽ തുടർച്ച, ഷർട്ട് | സെപ്തംബർ | | |

| | | | | | |
|---|---|---|---|---|---|
| | | മുൻവശം അളവ്,പാറ്റേൺ, എന്നിവ പഠിപ്പിക്കുന്നു.<br>6. പില്ലോ കവർ,പെറ്റിക്കോട്ട്,ഇവയുടെ പാറ്റേൺ വരപ്പിക്കൽ.<br>7. ഫുൾ പെറ്റിക്കോട്ട്, ഫ്രോക്ക്,ഷർട്ട്,ഇവയുടെ അളവുകളും പാറ്റേണും തയ്യാറാക്കൽ.<br>8. പെറ്റിക്കോട്ട് തുടർച്ച, പാവാട ഫോർ പീസ്, ഷർട്ട് തുടർച്ച.<br>9. മിഡ്ഡി റൗണ്ട്, പാവാട ആറ് പീസ്,ഷർട്ട് സ്റ്റിച്ചിങ്. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി | ക്രാഫ്റ്റ് അധ്യാപിക<br>ക്രാഫ്റ്റ് അധ്യാപിക<br>ക്രാഫ്റ്റ് അധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | 10. തയ്യൽ മെഷീൻ ഉപയോഗിച്ച് ഷർട്ട് തയ്ക്കുന്നു.<br>മോഡൽ എക്സാം.<br>11. റിവിഷൻ<br>ഫൈനൽ എക്സാം. | ഫെബ്രുവരി<br><br>മാർച്ച് | ക്രാഫ്റ്റ് അധ്യാപിക | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026

## SUBJECT: PHYSICAL EDUCATION

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | HELATH & PHYSICAL EDUCATION | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ആരോഗ്യ സംബന്ധവും പ്രകടന സംബന്ധവുമായ കായിക ക്ഷമത മെച്ചപ്പെടുത്തുക (ഒഴിവു സമയവും അധിക സമയവും കണ്ടെത്തി ക്ലാസ് തലത്തിൽ പരിശോധന) | ജൂൺ മുതൽ ഓഗസ്റ്റ് വരെ | PHYSICAL EDUCATION TEACHER | |
| 2 | HELATH & PHYSICAL EDUCATION (ZUMBA DANCE) | മുഴുവൻ വിദ്യാർത്ഥികളുടെയും ആരോഗ്യ കായിക ക്ഷമത | | | |

| | | | | | |
|---|---|---|---|---|---|
| | | വർധിപ്പിക്കൽ (മ്യൂസിക്കിന്റെ താളത്തിൽ ആദ്യം കുറച്ചു കുട്ടികൾക്ക് പരിശീലനം നൽകി ഓരോ ക്ലാസിലെ കുട്ടികൾക്കും പരിശീലനം നൽകുന്നു) | ജൂൺ മുതൽ ഓഗസ്റ്റ് വരെ | **PHYSICAL EDUCATION TEACHER** | |
| **3** | **HELATH & PHYSICAL EDUCATION** | ദേശീയ, സംസ്ഥാന തല അത്ലെറ്റിക്സ് & ഗെയിംസ് മത്സരങ്ങളിൽ കൂടുതൽ കുട്ടികൾക്ക് മെഡൽ നേട്ടം ലഭിക്കുന്നതിന്( വ്യക്തിഗത മാസ്റ്റർ പ്ലാനിംഗ് **SPORTS PROGRESSIVE CHART 20** | ജൂൺ മുതൽ നവംബർ | **PHYSICAL EDUCATION TEACHER** | **SPONCER SHIP** |

| | | | | | |
|---|---|---|---|---|---|
| | | തയ്യാറാക്കികൊണ്ടുള്ള പരിശീലന പദ്ധതി **EXPERIMENTAL LEARNIG SPORTS TOUR CAMP** സംഘടിപ്പിക്കുക) | | | |
| **4** | **HELATH & PHYSICAL EDUCATION** | **HEALTH & PHYSICAL** എഡ്യൂക്കേഷൻ ബുക്കിന്റെ ഫലപ്രദമായ വിനിമയം ഉറപ്പാക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | **PHYSICAL EDUCATION TEACHER** | |
| **5** | **HELATH & PHYSICAL EDUCATION** | കിഡ് അത്ലെറ്റിക്സ് പ്രൊമോട്ട് ചെയുക( എൽപി ക്ലാസ്സുകളിലെ അധ്യാപക പങ്കാളിത്തത്തോ | ജനുവരി മുതൽ ഫെബ്രുവരി വരെ | **PHYSICAL EDUCATION TEACHER & L P TEACHER** | |

| | | | | | |
|---|---|---|---|---|---|
| | | ടെയുള്ള<br>പ്രവർത്തനം) | | | |

## ആരോഗ്യ കായിക വിദ്യാഭ്യാസം - വാർഷിക കലണ്ടർ

**ജൂൺ**

L.P. വിഭാഗം : വ്യക്തിശുചിത്വം, പരിസരശുചിത്വം, മഴക്കാലരോഗങ്ങൾ ബോധവത്ക്കരണം.

U.P. വിഭാഗം : അസംബ്ലി & റോൾകോൾ

മഴക്കാലരോഗങ്ങൾ - വരാതിരിക്കൽ ശ്രദ്ധിക്കേണ്ടത്.
ആരോഗ്യകായിക വിദ്യാഭ്യാസം - കായികമത്സരം
അതുമായി ബന്ധപ്പെട്ട് ജനറൽ വാച്ചിംഗ് അപ്പ്

**ജൂലൈ**

L.P. വിഭാഗം : ആരോഗ്യ കായിക വിദ്യാഭായ്സത്തിലൂടെ കുട്ടികൾക്ക് കളിയുടെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നു.

U.P. വിഭാഗം : വ്യക്തിശുചിത്വം, പരസരശുചിത്വം, പ്രാധാന്യം, അസംബ്ലി തയ്യാറെടുക്കൽ.

HS വിഭാഗം : വ്യക്തിശുചിതവ്യക്തിശുചിത്വം, പരസരശുചിത്വം, പ്രാധാന്യം, കായികക്ഷമത - പരിശോധന-വിലയിരുത്തൽ

**ആഗസ്റ്റ്**

L.P. വിഭാഗം : ജനറൽ വാമിംഗ് ആപ്പ് പരിശീലനം മൈനർ ഗെയിം പരിചയപ്പെടുത്തൽ

U.P. വിഭാഗം : കായികക്ഷമത പരിശോധന റിപ്പോർട്ട് കായികമേള - പരിശീലനം വിലയിരുത്തൽ

HS വിഭാഗം : കായിക ക്ഷമത - പരിശോധനാറിപ്പോർട്ട് കായികമേള പരിശീലനം

സ്വാതന്ത്ര്യദിനാഘോഷം - തയ്യാറെടുപ്പ്.

**സെപ്തംബർ**

L.P. വിഭാഗം : സ്പോർട്സ് - വിവിധ മത്സര ഇനങ്ങൾ പരിചയപ്പെടൽ മൈനർ ഗെയിം പരിചയപ്പെടുത്തൽ

U.P. വിഭാഗം : പ്രധാനപ്പെട്ട ഗെയിംമുകളുടെ സ്കിൽ പരിചപ്പെടൽ പരിശീലനം സ്കൂൾ സ്പോർട്സ് - മത്സര ഇനങ്ങളുടെ പരീശീലനം

HS വിഭാഗം : പ്രധാനപ്പെട്ട ഗെയിംമുകളുടെ പരിശീലനം കായിക മേളയിലേക്കുള്ള പരിശീലനം പ്രമേയശുശ്രൂഷ-ബോധവത്ക്കരണം, ഡെമോൺസ്ട്രേഷൻ ക്ലാസ്

**ഒക്ടോബർ**

L.P. വിഭാഗം : സ്കൂൾ കായികമേളയുടെ പരിശീലനം നടത്തിപ്പ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം

U.P. വിഭാഗം : സ്കൂൾ കായികമേളയുടെ പരിശീലനം, നടത്തിപ്പ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം

HS വിഭാഗം : സ്കൂൾ കായികമേളയുടെ പ്രത്യേക പരിശീലന നടത്തിപ്പ് (ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രത്യേക പരിശീലനം)

**നവംബർ**

**L.P.** വിഭാഗം : സ്കൂൾതല മത്സര വിജയികൾക്ക് - സബ്ജില്ലാതലത്തി ലേക്ക്, ജില്ലാ ബധിരകായിക മേളയിലെക്കും വേണ്ടി പ്രത്യേക പരിശീലനം (രണ്ട് നേരം)

**U.P.** വിഭാഗം : സ്കൂൾതല മത്സര വിജയികൾക്ക് - സബ്ജില്ലാബധിരകാ യിക മേളയിലെക്കും വേണ്ടി എന്നീ മത്സരങ്ങളിലേക്കുള്ള പ്രത്യേക തയ്യാറെടുപ്പ് (രണ്ട് നേരം)

**HS** വിഭാഗം : സ്കൂൾ മത്സരവിജയികൾക്ക് റവന്യു ജില്ല, സംസ്ഥാന ബധിര കായികമേള എന്നീ മത്സരങ്ങളിലേക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലനം (രണ്ട് നേരം)

**ഡിസംബർ**

**L.P.** വിഭാഗം : പ്രധാനപ്പെട്ട് ഗെയിംമുകളുടെ പരിചയപ്പെടൽ പ്രശസ്തരാ യ കായിക താരങ്ങളെ പരിചയപ്പെടൽ.. (ഐ.ടി. സഹായ ത്തോടെ).

**U.P.** വിഭാഗം : മത്സരവിജയികൾക്ക് റവന്യു ജില്ല, സംസ്ഥാനബധിര കാ യിക മേളയിലേക്കുള്ള പ്രത്യേക പരിശീലനം (രണ്ട് നേരം)

**HS** വിഭാഗം : സ്കൂൾ മത്സരവിജയികൾക്ക് റവന്യു ജില്ല, സംസ്ഥാന ബ ധിര കായികമേള പ്രത്യേക പരിശീലനം ഗെയിംമുകളുടെ ഗ്രൂപ്പ് തലമത്സരം (രണ്ട് നേരം)

**ജനുവരി**

L.P. വിഭാഗം : റിപ്പബ്ലിക്ദിന പരിപാടി പരിശീലനം ടെക്സ്റ്റ് ബുക്ക് അടിസ്ഥാനനനത്തിൽ നടത്തിയ പഠനങ്ങളുടെ അവലോകനം

U.P. വിഭാഗം : ടെക്സ്റ്റ്ബുക്ക് അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളുടെ റിവിഷൻ റിപ്പബ്ലിക് ദിനപരിപാടി – പ്രത്യേകപരിശീലനം (രണ്ട് നേരം)

HS വിഭാഗം : ടെക്സ്റ്റ് അടിസ്ഥാനമാക്കി പഠിച്ച പഠനഭാഗങ്ങളുടെ റിവിഷൻ പരിശോധന (പ്രാക്ടിക്കൽ, എഴുത്ത്)

**ഫെബ്രുവരി**

L.P. വിഭാഗം : ആരോഗ്യകായിക വിദ്യാഭ്യാസം-പ്രായോഗിക പരിശോധന

U.P. വിഭാഗം : ആരോഗ്യ കായിക വിദ്യാഭ്യാസം -പ്രത്യേകപരിശോധന.

HS വിഭാഗം : ആരോഗ്യകായിക വിദ്യാഭ്യാസം-പ്രായോഗിക പരിശോധന

മാർച്ച്

U.P. വിഭാഗം : പരീക്ഷ

HS വിഭാഗം : പരീക്ഷ